പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **181**

02-03-2020 ൽ മറുപടിയ്ക്ക്

# അതിവേഗ ഹൈഡ്രോഫോയിൽ പാസഞ്ചർ സർവ്വീസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എസ്.ശർമ്മ : | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ ഹൈഡ്രോഫോയിൽ പാസഞ്ചർ സർവ്വീസ് ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) യും (ബി) യും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ യാത്രാകപ്പൽ സർവ്വീസ് നടത്തുന്നതിന് താല്പര്യപത്രം ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 29/03/2016-ൽ പ്രൈവറ്റ് പാർട്ടിയായ മെസേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിനായി മെസേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡ് വിദേശത്തുനിന്ന് രണ്ട് കപ്പലുകൾ കൊച്ചിയിൽ എത്തിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം കപ്പൽ വാങ്ങുന്നതും, നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി കപ്പൽ സർവ്വീസ് നടത്തേണ്ട ചുമതലയും സ്വകാര്യ പങ്കാളിയ്ക്കാണ്. |
| (ബി) | പ്രസ്തുത ആവശ്യത്തിനുള്ള പാസ്സഞ്ചർ കപ്പൽ വാങ്ങുന്നതിനും സർവ്വീസ് കൈകാര്യം ചെയ്യുന്നതിന് യോഗ്യരായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | |
| (സി) | എറണാകുളം ജില്ലയിലെ ഏതെല്ലാം കേന്ദ്രങ്ങളിലാണ് പാസഞ്ചർ ടെർമിനലുകൾ സ്ഥാപിക്കുകയെന്ന് വ്യക്തമാക്കാമോ ; | (സി) നിലവിലുള്ള തുറമുഖങ്ങളുടെ / വാർഫുകളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് സർവ്വീസ് നടത്താൻ ധാരണയായിട്ടുള്ളത് |
| (ഡി) | പ്രസ്തുത സർവ്വീസ് എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ? | (ഡി) സർവ്വീസ് നടത്തുന്നതിന് കപ്പലുകൾക്ക് മുംബൈ ആസ്ഥാനമായ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ടി അനുമതി ലഭിച്ചാൽ മാത്രമേ സർവ്വീസ് ആരംഭിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ